# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

**2020 മാർച്ച് 26, വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

ആമുഖമായി കേരളത്തിൽ ഇന്ന് 19 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് അതിൽ കണ്ണൂർ ജില്ലയിൽ 9 പേർക്കും, കാസർഗോഡ് മലപ്പുറം ജില്ലളിൽ നിന്ന് 3 പേർ വീതവും, തൃശ്ശൂർ ജില്ലയിൽ നിന്ന് 2 പേർക്കും ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ നിന്ന് ഓരോരുത്തർക്കും രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. എറണാകുളത്ത് ചികിത്സയിലായിരുന്ന 3 കണ്ണൂർ സ്വദേശികളുടെയും 2 വിദേശികളുടെയും ഫലം നെഗറ്റീവ് ആയതിനെതുടർന്ന് ഇന്ന് ഡിസ്ചാർജ്ജ് ചെയ്യും. പത്തനംതിട്ടയിൽ ചികിത്സയിലുണ്ടായിരുന്ന ഒരാളുടെ പരിശോധനാ ഫലം നെഗറ്റീവ് ആയിട്ടുണ്ട്. അങ്ങനെ രോഗം സ്ഥിരീകരിച്ച 125 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്.
- ഇന്ന് 196 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 102003 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 101402 പേർ വീടുകളിലും 601 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 5342 സാമ്പിളുകൾ പരിശോധിച്ചതിൽ 3768 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

വാർഡ്തല കമ്മറ്റികൾ രൂപീകരിക്കുന്നതിനായും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേക്ക് ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതിനായും അവർക്ക് ആവശ്യമായ താമസം, ഭക്ഷണം, വാഹന സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. വീടുകളിൽ ഭക്ഷണകിറ്റുകൾ എത്തിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും പഞ്ചായത്ത് തലത്തിൽ ധാന്യങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും അറിയിച്ചു. പ്രത്യേക ശ്രദ്ധവേണ്ട തരംതിരിച്ചുള്ള കണക്ക് അവതരിപ്പിക്കുകയും ചെയ്തു. ഡോക്ടർമാർ, നഴ്സുമാർ, മറ്റു പാരാമെഡിക്കൽ ജീവനക്കാർ, മെഡിക്കൽ വിദ്യാർത്ഥികൾ, പാലിയേറ്റീവ് കെയർ ജീവനക്കാർ, വൃദ്ധജന പരിപാലകർ എന്നിവരുടെ പട്ടികയും അവതരിപ്പിച്ചു. കൂടാതെ നിലവിൽ പ്രവർത്തനമില്ലാതെ കിടക്കുന്ന സ്വകാര്യ ആശുപത്രികളും അവിടെ ലഭ്യമായ കിടക്കകളും അനുബന്ധ സൗകര്യങ്ങളും, ഹോസ്റ്റലുകൾ, പരിശീലന കേന്ദ്രങ്ങൾ, ലോഡ്ജുകൾ മുതലായവയുടെ നഗര-ഗ്രാമ വിധത്തിൽ തരംതിരിച്ചുള്ള കണക്കുകളും അവതരിപ്പിച്ചു. സംസ്ഥാനത്ത് 15433 പ്രവർത്തനക്ഷമമായ വാർഡ് കമ്മിറ്റികൾ ഉണ്ടെന്നും ഇതിൽ 65967 സന്നദ്ധ പ്രവർത്തകർ പഞ്ചായത്ത് തല പ്രവർത്തനങ്ങളിൽ സജീവമായിട്ടുള്ളതായും അറിയിച്ചു. ഗ്രാമപഞ്ചായത്തുകളിൽ 176 ഡോക്ടർമാരെ അധികമായി നിയോഗിച്ചിട്ടുള്ളതായും 2131 ജീവനക്കാർക്ക് താമസവും ഭക്ഷണസൗകര്യവും ഒരുക്കിയിട്ടുള്ളതായും അറിയിച്ചു. 212 അഗതികളെ തെരു

വുകളിൽ നിന്നും കണ്ടെത്തി പുന:രധിവസിപ്പിച്ചു. കോവിഡ് കെയർ സെന്ററുകളായി പ്രവർത്തിക്കുന്നതിനായി 2007 കെട്ടിടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അതിഥി തൊഴിലാളി കൾക്കായി 226 ക്യാമ്പുകൾ സജ്ജമാക്കിയിട്ടുണ്ട്. 1240 കെട്ടിടങ്ങൾ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിനായുള്ള ഗോഡൗണുകൾ ആക്കാൻ കണ്ടെത്തയിട്ടുണ്ട്.

## അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്

സ്വകാര്യമേഖലയിൽ 879 ആശുപത്രികൾ ഉണ്ടെന്നും ഇവിടെ 69434 കിടക്കകൾ ലഭ്യമാണെന്നും, 5607 വെന്റിലേറ്ററുകളും ലഭ്യമാണെന്നും അദ്ദേഹം അറിയിച്ചു. കൂടാതെ അതിനോടു ചേർന്ന് 716 ഹോസ്റ്റലുകൾ ഉണ്ടെന്നും 55705 കിടക്കകൾ ലഭ്യമാണെന്നും അറിയിച്ചു. വയനാട്, മലപ്പുറം, ആലപ്പുഴ എന്നിവിടങ്ങളിൽ വെന്റിലേറ്ററുകളുടെ ലഭ്യത കുറവാണ്. കാസർഗോഡുള്ള സെൻട്രൽ യൂണിവേഴ്സിറ്റിയുടെ ഹോസ്റ്റലുകൾ കോവിഡ് കെയർ സെന്ററുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ചീഫ് സെക്രട്ടറി

ഇന്ന് കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയുമായി വീഡിയോ കോൺഫറൻസ് നടത്തിയതായും കേരളത്തിൽ ലോക്ക് ഡൗൺ വിജയകരമായി നടപ്പിലാക്കിയതിന് അഭിനന്ദനം അറിയിച്ചു. അതിർത്തികളിലെ വാഹനങ്ങളുടെ വരവ് നിയന്ത്രിക്കണമെന്ന് അറിയിച്ചു. പച്ചക്കറി പലവ്യഞ്ജന കടകളിൽ നിന്ന് വീടുകളിലേക്ക് എത്തിച്ചുകൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ക്യാബിനറ്റ് സെക്രട്ടറി നിർദ്ദേശിച്ചു. അവശ്യസാധനങ്ങൾ വിൽക്കുന്ന കടകളുടെ പ്രവർത്തന സമയം ദീർഘിപ്പിക്കണമെന്നും നിർദ്ദേശിച്ചതായും അദ്ദേഹം അറിയിച്ചു. തമിഴ്നാടിൽ ആശുപത്രികൾ രോഗാണുവിമുക്തമാക്കുന്നുണ്ട്. അതേ മാതൃക എല്ലാ സംസ്ഥാനങ്ങളും അവലംബിക്കണമെന്ന് ക്യാബിനറ്റ് സെക്രട്ടറി നിർദ്ദേശിച്ചു.

ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമം സെക്ഷൻ 26 പ്രകാരം മരുന്നുകൾ വീടുകളിൽ എത്തിച്ചുകൊടുക്കാവുന്നതാണ്. മെഡിക്കൽ ഉപകരണങ്ങളുടെ ദൗർലഭ്യത എല്ലാ സംസ്ഥാനത്തും അനുഭവപ്പെടുന്നുണ്ട്. ഇത് ഫാർമസ്യൂട്ടിക്കൽസ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറിയുമായി ചർച്ച ചെയ്യാമെന്നും ഇതിനായി ഒരു പൊതുവിതരണ സംവിധാനം തയ്യാറാക്കാമെന്നും ക്യാബിനറ്റ് സെക്രട്ടറി അറിയിച്ചതായി അദ്ദേഹം പറഞ്ഞു. അന്തർ സംസ്ഥാന വാഹനഗതാഗതം തടയണമെന്നും എന്നാൽ ചരക്കുവാഹനങ്ങൾ കടത്തിവിടണമെന്നും അദ്ദേഹം അറിയിച്ചു. പലസ്ഥലങ്ങളിലും നാട്ടിലേക്ക് തിരിച്ചെത്തിക്കാമെന്ന വ്യാജേന ആളുകളെ തെറ്റിദ്ധരിപ്പിച്ച് സംസ്ഥാന അതിർത്തികളിൽ അവരെ ഇറക്കിവിടുന്നതായി വാർത്തകൾ ലഭിക്കുന്നുണ്ട്. ഈ പ്രവണത തടയുന്നതിനായി അഡ്വാൻസ് ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതായും ചീഫ് സെക്രട്ടറി അറിയിച്ചു.

പൊതുമരാമത്ത് വകുപ്പ് വഴി സ്വകാര്യമേഖലയിലുള്ള ആശുപത്രി മുറികൾ, ഹോസ്റ്റലുകൾ, ഹോട്ടലുകൾ എന്നിവയുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. ഇവിടങ്ങളിലായി 8112 ഉടൻ താമസയോഗ്യമായ മുറികൾ ഉണ്ടെന്നും അറിയിച്ചു. കൂടാതെ ഇവിടങ്ങളിലെ അറ്റകുറ്റപണികൾ പൊതമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ നടത്താമെന്ന് അറിയിച്ചു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്കും വീടുകളിലും ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുളള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. കേരളത്തിലെ ഒ പി, ഐ പി ജില്ലാതിരിച്ചുള്ള കണക്കും അവതരിപ്പിച്ചു. 6 മണിവരെ പ്രവർത്തി സമയം ദീർഘിപ്പിച്ച പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കണക്കും വ്യക്തമാക്കി. 2012 നു ശേഷം വിരമിച്ച ഡോക്ടർമാരുടെ പട്ടിക തയ്യാറാക്കിയതായും അറിയിച്ചു. അതിഥി തൊഴിലാളികളുടെ സ്ക്രീനിംഗ് ജില്ലകളിൽ തൊഴിൽ വകുപ്പിന്റെ സഹകരണത്തോടെ ആരംഭിച്ചു. വീടുകളിൽ നിരീക്ഷണത്തിലുള്ളവരെ നിരീക്ഷിക്കുന്ന തിനായുള്ള സന്നദ്ധ പ്രവർത്തകരുടെ കണക്കും വ്യക്തമാക്കി. മറ്റ് പകർച്ചവ്യാധികളുടെ മേൽനോട്ടത്തിനായി ഒരു നിരീക്ഷണ ഉദ്യോഗസ്ഥനെ ജില്ലകളിൽ നിയമിച്ചതായി അദ്ദേഹം അറിയിച്ചു. 60 വയസ്സിനു മുകളിലുള്ളവരുടെ ജില്ലതിരിച്ചുള്ള പട്ടിക തയ്യാറാ ക്കിയതായും ഇവരിൽ പ്രധാനമായും കണ്ടുവരുന്ന രോഗങ്ങളുടെ അടിസ്ഥാനത്തിലുള്ള കണക്കും തയ്യാറാക്കിയിട്ടുണ്ടെന്ന് അറിയിച്ചു. വീടുകളിൽ ഒറ്റയ്ക്ക് താമസിക്കുന്ന ആൾക്കാരുടെ എണ്ണം ലിംഗനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 3 നിരകളായി ഡോക്ടർമാരെ സജ്ജമാക്കിയതായും അറിയിച്ചു. മെഡിക്കൽ വിദ്യാഭ്യാ സ വകുപ്പിന്റെ കീഴിൽ ലഭ്യമായ കിടക്കകളുടെയും വെന്റിലേറ്ററുകളുടെയും, ഐ സി യു വിന്റെയും വിവരങ്ങളും അവിടെ ലഭ്യമായ മറ്റ് രോഗ പ്രതിരോധ ഉപകരണങ്ങളുടെ യും കണക്ക് അവതരിപ്പിച്ചു. കെ എം എസ് സി എൽ വഴി ലഭ്യമായ രോഗപ്രതിരോധ ഉപകരണങ്ങളുടെ കണക്ക് ജില്ല തിരിച്ച് അവതരിപ്പിച്ചു. കേരളത്തിൽ നിലവിൽ 6 ലാബു കളിൽ ടെസ്റ്റിംഗ് ആരംഭിച്ചതായും മറ്റ് മൂന്ന് ലാബുകൾ ഇന്ന് വൈകിട്ടോടെ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിച്ചു.

അവസാനവർഷ റിസൾട്ട് വന്നതോടെ 2743 ഹൗസ് സർജന്മാർ അവരുടെ വീടിനടു ത്തുള്ള ആശുപത്രികളിൽ നിയമിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്നും – ഇവർക്ക് അതതു ജില്ലകളിലെ ഡി എം ഒ ആഫീസിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നട പടി സ്വീകരിക്കണമെന്നും പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ. ബി ഇക്ബാൽ അഭിപ്രായ പ്പെട്ടു. വീടുകൾക്കുളളിൽ സാമൂഹിക അകലം പാലിക്കുന്നതിനായി പി ആർ ഡി പരസ്യ ങ്ങൾ കൊടുക്കണമെന്നും ദിവസേനയുള്ള പത്രസമ്മേളനത്തിൽ ആരോഗ്യ പ്രവർത്ത കരെ അഭിനന്ദിക്കുന്നത് നല്ലതായിരിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

റാപ്പിഡ് ടെസ്റ്റുകൾക്കായി ഓർഡർ നൽകിയിട്ടുണ്ട് എന്ന് അദ്ദേഹം അറിയിച്ചു.

## പൊതുഭരണ വകുപ്പ് സെക്രട്ടറി

കഴിഞ്ഞ മാസത്തെ കണക്ക് അനുസരിച്ച് നോക്കുമ്പോൾ ചരക്കു വാഹന ഗതാഗതം 25 ശതമാനം കുറവ് ഇപ്പോൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലോറി ഉടമകളുടെ സംഘടനയുമായി ഇതേ വിഷയത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. ഭാരം കുറഞ്ഞ അവശ്യ വസ്തുക്കൾ കൊണ്ടുവരുന്നതിന് എസ് ആർ ടി സി ബസ്സുകളുടെ സഹായവും, ഭാരം കൂടിയ വസ്തുക്കൾ കൊണ്ടുവരുന്നതിന് ചരക്കു ലോറികളുടെ സഹായവും പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി സപ്ലൈകോ വിനെ മാത്രം ആശ്രയിക്കാൻ പറ്റില്ല. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ചരക്ക് ലോറികൾ കേരളത്തില്ക്കേ് കടത്തിവിടാൻ അതിർത്തികളിൽ തടസ്സം ഉണ്ടാകുന്നുണ്ട്. എന്നാൽ ഇവിടെ ചരക്ക് എത്തിക്കുന്നതിന് വാഹനവും ഡ്രൈവറെയും ചുമട്ടു തൊഴിലാളികളെയും നൽകിയാൽ ചരക്ക് ഗതാഗതം സുഗമമാക്കാമെന്ന് അറിയിച്ചു. നിലവിലെ അവസ്ഥയിൽ കമ്മ്യൂണിറ്റി കിച്ചൻ നടത്തുന്നതിനായി ഏഴ് ദിവസത്തേയ്ക്കുള്ള സാധനങ്ങൾ മാത്രമാണുള്ളത്.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു.മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. കേരളത്തിലെ കോവിഡ് കേസുകളുടെയും പ്രവർത്തനങ്ങളുടേയും വിശദാംശങ്ങൾ എല്ലാ ദിവസവും രാവിലെ ബഹു. കേന്ദ്ര മന്ത്രി ശ്രീ. സദാനന്ദ ഗൗഡ വഴി കേന്ദ്രത്തെ അറിയിക്കണമെന്ന് ബഹു. മുഖ്യമന്ത്രി പറഞ്ഞു. (ചുമതല - ബഹു മുഖ്യമന്ത്രിയുടെ കാര്യാലയം)
2. അതിഥി തൊഴിലാളികളെ പലയിടത്തും താമസസ്ഥലത്തു നിന്നും ഇറക്കി വിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത് അനുവദിക്കാൻ പറ്റില്ല. ആവശ്യമെങ്കിൽ അവർക്ക് പുതിയ സ്ഥലം കണ്ടെത്തണം ഭക്ഷണവും നൽകണം ഇവിടെ നിന്ന് ഒരാൾക്ക് ഇതിന്റെ ചുമതല നൽകണം (ചുമതല - ആഭ്യന്തര വകുപ്പ്, ജില്ലാ കളക്ടർമാർ)
3. പോലീസ് ചുമതലകൾ നന്നായി നിർവ്വഹിക്കുന്നുണ്ട്. എന്നാൽ ചില സ്ഥലങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. ഉത്തരവിൽ നിഷ്കർഷിക്കുന്ന സമയങ്ങളിൽ കടകൾ അടപ്പിക്കാൻ പാടുള്ളതല്ല. പൊതുജനങ്ങളോടുള്ള പെരുമാറ്റരീതി മെച്ചപ്പെടുത്തേണ്ടതുണ്ട്. ആരോഗ്യപ്രവർത്തകരെ ഒരു കാരണവശാലും തടയപ്പെടാൻ പാടില്ല. (ചുമതല - ആഭ്യന്തര വകുപ്പ്)
4. ക്ഷേമ പെൻഷനുകൾ നൽകാൻ തുടങ്ങി കഴിഞ്ഞു. ആയതിനാൽ ഒരു സാമൂഹിക ചലനം വരും ദിവസങ്ങളിലുണ്ടാകും. അതുകൂടി ഉൾക്കൊണ്ടുകൊണ്ട് പോലീസ് പ്രവർത്തിക്കണം. (ചുമതല- ആഭ്യന്തര വകുപ്പ്)
5. തദ്ദേശ സ്വയംഭരണ വകുപ്പ് കൂടുതൽ കമ്യൂണിറ്റി കിച്ചണുകൾ ആരംഭിക്കണം. (ചുമതല - തദ്ദേശ സ്വയംഭരണ വകുപ്പ്)
6. നിലവിൽ അതിർത്തികൾ അടച്ചിടുന്നത് തുടരണം. നമ്മുടെ സംസ്ഥാനത്തുള്ളവർ അതിർത്തികളിൽ എത്തിചേർന്നാൽ അവരെ കടത്തിവിടാനുള്ള ഒരുക്കങ്ങൾ നാം സ്വീകരിക്കണം. അവരെ വീടുകളിലേക്ക് വിടാതെ പ്രത്യേക കേന്ദ്രങ്ങളിൽ താമസിപ്പിക്കണം. ആവശ്യമെങ്കിൽ അവർക്ക് കൗൺസിലിങ്ങും നൽകേണ്ടതാണ്. (ചുമതല ആഭ്യന്തര, റവന്യൂ, ആരോഗ്യ വകുപ്പ് )
7. നവജാത ശിശുക്കൾക്കുള്ള വസ്ത്രം മെഡിക്കൽ ഷോപ്പുവഴി നൽകാനുള്ള സംവിധാനം ഒരുക്കണം. (ചുമതല - ജില്ലാ കളക്ടർമാർ)

8. റേഷൻകാർഡ് ഇല്ലാത്തവർക്കും അരി നൽകേണ്ടതാണ്. (ചുമതല ഭക്ഷ്യവകുപ്പ്)
9. ദുബായിൽ നിന്നും തിരിച്ചെത്തിയവരിൽ കൂടുതൽ രോഗബാധ കണ്ടെത്തിയിട്ടുണ്ട്. അവർ അവിടെ കഴിഞ്ഞ സമയത്ത് കൂടെയുണ്ടായിരുന്നവരുടെ വിശദാംശങ്ങൾ ശേഖരിക്കണം. അവർക്കും കൂടെ യാത്ര ചെയ്തവർക്കും രോഗബാധയുണ്ടാകുവാനുള്ള സാധ്യത കൂടുതലാണ്. (ചുമതല - ആരോഗ്യ വകുപ്പ്, ആഭ്യന്തരവകുപ്പ്, പ്രവാസി കാര്യ വകുപ്പ്, ജില്ലാ കളകട്ർമാർ)
10. നിരീക്ഷണത്തിൽ തുടരേണ്ടവർ അത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. (ചുമതല - ആഭ്യന്തര വകുപ്പ്, ആരോഗ്യ വകുപ്പ്)
11. റവന്യൂ ഉദ്യോഗസ്ഥർ ദുരന്തനിവാരണത്തിന്റെ ഭാഗമായി പ്രവർത്തിക്കേണ്ടതുണ്ട്. ആയതിനാൽ അവരെകൂടി നിലവിൽ പുറത്തിറക്കിയ ഉത്തരവിൽ ഉൾപ്പെടുത്തണം. (ചുമതല - ദുരന്തനിവാരണ വകുപ്പ് , ജില്ലാ കളക്ടർമാർ)
12. ഭക്ഷ്യ വസ്തു കൊണ്ടുപോകുന്നത് കേരളത്തിലെവിടേയും തടയാൻ പാടില്ല. ഈ വാഹനങ്ങൾക്ക് ഒരു പ്രത്യേക സ്റ്റിക്കർ പതിപ്പിച്ച് യാത്ര ചെയ്യാനുള്ള സൗകര്യം ഒരുക്കണം. കെ ബി പി എസ് ൽ നിന്ന് ഈ സ്റ്റിക്കറുകൾ നിർമ്മിച്ച് വിതരണം ചെയ്യണം. (ചുമതല പൊതുഭരണ വകുപ്പ് )
13. ഹോട്ടൽ ഉടമകളുടെ സംഘടന അവരുടെ ഹോട്ടലുകൾ പാചകത്തിനായി വിട്ടുനൽകാമെന്ന് അറിയിച്ചിട്ടുണ്ട്. മാത്രമല്ല അവർ 2 ലക്ഷം മാസ്കുകളും 10 ലക്ഷം സാനിറ്റൈസറുകളും നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. (ചുമതല - ഭക്ഷ്യ വകുപ്പ്)
14. കാറ്ററിങ്ങ് കാരുടെ സംഘടന കമ്യൂണിറ്റി കിച്ചണുവേണ്ടി അടുക്കള വിട്ടു നിൽക്കാമെന്ന് അറിയിച്ചിട്ടുണ്ട്. (ചുമതല - ഭക്ഷ്യ വകുപ്പ്)
15. ഗർഭിണികളെ ജോലിക്ക് നിയോഗിക്കുന്നത് ഒഴിവാക്കണം. (ചുമതല - എല്ലാ വകുപ്പുകളും)
16. ഡയറക്ടറേറ്റിന് കീഴിൽ പ്രവർത്തിക്കുന്ന 21 നും 40 തിനും വയസ്സിനിടയിലുള്ള സന്നദ്ധപ്രവർത്തകരെ ദുർബല വിഭാഗത്തിലുള്ളവരേയും ഒറ്റക്ക് താമസിക്കുന്നവരേയും സഹായിക്കാൻ ഉപയോഗപ്പെടുത്താവുന്നതാണ്. ഈ സന്നദ്ധ പ്രവർത്തകർ **സന്നദ്ധം പോർട്ടലിൽ** വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്യേണ്ടതാണ്. അവരെ ഭക്ഷണം, മരുന്ന്, പ്രാദേശിക ഉൽപന്നങ്ങൾ എന്നിവ വീടുകളിൽ എത്തിക്കുക, ആശുപത്രികളിലേക്ക് പോകേണ്ടവരെ സഹായിക്കുക എന്നീ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ഒരു പഞ്ചായത്തിൽ 200 പേർ മുനിസിപ്പാലിറ്റിയിൽ 500 പേർ കോർപ്പറേഷനുകളിൽ 750 പേർ അങ്ങനെ 2,36,200 പേർക്ക് സാമൂഹ്യ സന്നദ്ധ സേനയിൽ രജിസ്റ്റർ ചെയ്യാം. ഇതിലൂടെ രജിസ്റ്റർ ചെയ്യുന്ന സന്നദ്ധ പ്രവർത്തകർക്കു മാത്രമേ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാനാകൂ. ഇവരുടെ യാത്രാ ചിലവ് തദ്ദേശ സ്വയംഭരണ വകുപ്പ് വഹിക്കേണ്ടതാണ്. ആശുപത്രി കൂട്ടിരിപ്പാകാൻ 1425 ഓളം പേർ സംസ്ഥാന യുവജന കമ്മീഷൻ വഴി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരേയും സന്നദ്ധം പോർട്ടറിൽ രജിസ്റ്റർ ചെയ്യിക്കണം. (ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, യുവ ജന കമ്മിഷൻ)
17. അവശ്യസാധനങ്ങൾ കൊണ്ടുവരാൻ പോലീസ് സുരക്ഷയോടെ കോൺവോയ് ആയി ട്രക്കുകൾ അന്യസംസ്ഥാനങ്ങളിലേക്ക് അയയ്ക്കണം. കയറ്റിറക്ക് തൊഴിലാളികളേയും ഇതിന്റെ കൂടെ അയക്കേണ്ടതാണ്. ഈ കാര്യങ്ങൾ ഒരാൾ

കോഡിനേറ്റ് ചെയ്യേണ്ടതാണ്. (ചുമതല ആഭ്യന്തര വകുപ്പ്, ഭക്ഷ്യ വകുപ്പ്, ഗതാഗത വകുപ്പ്)

18. ബേക്കറികൾ തുറന്ന് പ്രവർത്തിക്കാൻ അനുവദിക്കേണ്ടതാണ്. മരുന്ന് കടകൾ മൊത്തവ്യാപാര കടകൾ ഫാർമസ്യൂട്ടിക്കൽ കമ്പനികൾ ഇവർക്കൊന്നും തന്നെ യാതൊരു വിധത്തിലുള്ള തടസ്സങ്ങളും സൃഷ്ടിക്കാൻ പാടുള്ളതല്ല. (ചുമതല ആഭ്യന്തര വകുപ്പ്, ഭക്ഷ്യ വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പ്, ഡ്രഗ്സ് കൺട്രോളർ)
19. അഗ്നിശമനസേനാവിഭാഗത്തിന്റെ 98 ആംബുലൻസുകൾ ആശുപത്രി ആവശ്യങ്ങൾക്കായി ഉപയോഗിക്കാം. (ചുമതല - അഗ്നിശമനസേനാവിഭാഗം)
20. സിവിൽ ഡിഫൻസ് സന്നദ്ധ പ്രവർത്തകരേയും ഉചിതമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വിവിധ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. (ചുമതല - ആഭ്യന്തര വകുപ്പ്)
21. മദ്യവിൽപന നിലച്ചതിനാൽ കള്ളവാറ്റ് ചാരായം എന്നിവ സമൂഹത്തിൽ എത്താൻ സാധ്യതയുണ്ട്. അത് കർശനമായി തടയണം. (ചുമതല - എക്സൈസ് വകുപ്പ്)
22. കോവിഡ് ഡ്യൂട്ടി എടുക്കുന്ന ആരോഗ്യ വകുപ്പ് ജീവനക്കാരെ മറ്റ് ജോലികൾക്ക് നിയോഗിക്കാൻ പാടില്ല. അവർ വീടുകളിൽ പോകുന്നത് ഒഴിവാക്കേണ്ടതാണ്. അവർക്ക് താമസിക്കാൻ പകരം സൗകര്യം ആശുപത്രിക്ക് അടുത്തുതന്നെ ഒരുക്കേണ്ടതാണ്. (ചുമതല - ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്)
23. 27-ാം തീയതി റെയിൽവേയുടെ 65 ജീവനക്കാർ കേരളത്തിലെത്തും അവരെ നിരീക്ഷണ കേന്ദ്രങ്ങളിലേക്ക് മാറ്റേണ്ടതാണ്. (ചുമതല - ആരോഗ്യ വകുപ്പ്, ആഭ്യന്തര വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്)
24. കാസർഗോഡ് ജില്ലയിൽ സഞ്ചരിക്കുന്ന പനി ചികിത്സാ സംവിധാനം ഒരുക്കേണ്ടതാണ്. (ചുമതല - ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്)
25. കേന്ദ്ര സർവ്വകലാശാലയിലെ പി സി ആർ ഉപകരണം ഉപയോഗിച്ച് പരിശോധന ആരംഭിക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. സി പി സി ആർ ഐ യിലുള്ള പി സി ആർ മെഷീനുകൾ സെൻട്രൽ യൂണിവേഴ്സിറ്റിയിലേക്ക് മാറ്റി ഉപയോഗിക്കാവുന്നതാണ്. (ചുമതല - ആരോഗ്യ വകുപ്പ്, കേരള സർവ്വകലാശാല, സി പി സി ആർ ഐ, സെൻട്രൽ യൂണിവേഴ്സിറ്റി കാസർഗോഡ്)
26. അസുഖബാധിതരായ നിരീക്ഷണത്തിലുള്ളവരുടെ ലിസ്റ്റ് പോലീസ് ഇന്റലിജൻസ് തന്നത് പരിശോധിച്ച് ആരോഗ്യ വകുപ്പ് റിപ്പോർട്ട് നൽകേണ്ടതാണ്. (ചുമതല - ആരോഗ്യ വകുപ്പ്, ആഭ്യന്തര വകുപ്പ്)
27. വൃദ്ധ സദനങ്ങൾക്ക് പ്രത്യേക പരിഗണന ലഭിക്കുന്നു എന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് ഉറപ്പു വരുത്തേണ്ടതാണ്. (ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)
28. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബജറ്റ് പാസ്സാക്കാനായി മാർച്ച് 31 ന് ഒരു മണിക്കൂർ ലോക്ക് ഡൗണിൽ ഇളവ് നൽകണം. (ചുമതല - റവന്യൂ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്)
29. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ട് ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടത്താനുള്ള അനുമതി നൽകണം. (ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)
30. അംഗൻവാടികളിൽ ഭക്ഷണം നൽകാൻ ആരോഗ്യ വകുപ്പിനെ തദ്ദേശ സ്വയംഭരണ വകുപ്പ് സഹായിക്കണം. (ചുമതല - സാമൂഹ്യക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്)

31. നീതി സ്റ്റോറുകൾ കൊറിയർ വഴിയാണ് സാധനങ്ങൾ അയച്ചിരുന്നത്. ലോക്ക് ഡൗൺ നിലവിൽ വന്നതോടെ ഇതിന് സാധിക്കുന്നില്ല. ഇത് ശ്രദ്ധിക്കണം. (ചുമതല - ഭക്ഷ്യ പൊതുവിതരണ വകുപ്പ്)
32. വ്യാപാരികളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ വെയർ ഹൗസുകൾ 24 മണിക്കൂറും തുറന്നിരിക്കേണ്ടതാണ്. (ചുമതല - വെയർഹൗസ് കോർപ്പറേഷൻ)
33. പ്രവാസികളുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി വേണ്ട കാര്യങ്ങൾ എല്ലാം ചെയ്തിട്ടുണ്ട്. (ചുമതല - പ്രവാസി കാര്യ വകുപ്പ്)

യോഗം വൈകിട്ട് 5.30 മണിക്ക് അവസാനിച്ചു.

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി
3. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി
4. ചീഫ് സെക്രട്ടറി
5. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
6. ഡി ജി പി
7. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
8. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
9. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
12. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
13. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
14. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
15. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
16. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
17. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
18. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
19. സെക്രട്ടറി, ധനകാര്യം
20. സെക്രട്ടറി, ഊർജ്ജ വകുപ്പ്
21. സെക്രട്ടറി, ടൂറിസം വകുപ്പ്
22. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
23. ജോയിന്റ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. പ്ലാനിംഗ് ബോർഡ് മെമ്പർ
26. ഡി പി ഐ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ